## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3455** — **14.10.2011-ൽ മറുപടിക്ക്.**

### വ്യാജ സി.ഡി. വ്യാപാരം തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. കെ. ബി. ഗണേഷ് കുമാർ<br>(ബഹു: വനവും<br>സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വ്യാജ സി.ഡി. വ്യാപനം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (എ) വ്യാജ സി.ഡി. വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട് 27.07.11-ലെ GO (MS)No. 167/2011/Home നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് സി.ഐ.ഡി. വിഭാഗത്തിൽ ഒരു ആന്റി പൈറസി സെൽ രൂപീകരിച്ചിട്ടുണ്ട്. ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു ഡി.വൈ.എസ്.പി, രണ്ട് സബ് ഇൻസ്പെക്ടർ, മറ്റ് പോലീസുദ്യോഗസ്ഥർ എന്നിവരടങ്ങുന്നതാണ് ആന്റി പൈറസി സെൽ. പകർപ്പവകാശ ലംഘനവുമായി ബന്ധപ്പെട്ടകേസുകളുടെ അന്വേഷണം, ഇത് സംബന്ധമായി വിവരശേഖരണം, ഡാറ്റാ ബാങ്ക് രൂപീകരിക്കുക, റെയ്ഡുകൾ നടത്തി വ്യാജ സി.ഡി. നിർമ്മാണ ഉറവിടങ്ങൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക, ലോക്കൽ പോലീസിന്റെ അന്വേഷണത്തിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നിവയാണ് ആന്റി പൈറസിസെല്ലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ. |

| | | | |
|---|---|---|---|
| | | | ജില്ലകളിൽ ക്രൈംഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി. ആന്റിപൈറസി സെല്ലിന്റെ നോഡൽ ഓഫീസറായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തുടനീളം വ്യാപകമായ റെയിഡുകൾ നടത്തി വ്യാജ സി.ഡി.കളും, ബുക്കുകളും മറ്റും കണ്ടെത്തി സീഷ്വർ മഹസ്സർ പ്രകാരം ബന്തവസ്സിലെടുത്ത് കുറ്റക്കാർക്കെതിരെ The Copy Right Act, 1957, IT Act, 2000 പ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ബി)** | കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ സംസ്ഥാനത്ത് എത്ര സിനിമാ തിയേറ്ററുകൾ അടച്ചുപൂട്ടിയിട്ടുണ്ട് ; | **(ബി)** | ലഭ്യമായ കണക്കുകൾ പ്രകാരം ഏതാണ്ട് 75 (എഴുപത്തിഅഞ്ച്) തിയേറ്ററുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. |
| (സി) | സിനിമാ വ്യവസായത്തെ അതു ദോഷകരമായി ബാധിക്കുന്നതിനാൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | **(സി)** | സിനിമാ വ്യവസായം പൊതുവേ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സർക്കാർതലത്തിൽ ചർച്ച ചെയ്തു വരികയാണ്. |

സെക്ഷൻ ഓഫീസർ